# മുതുകാട്ടിൽ ശാഖ

പൈലോ കാരണവരുടെ ഏറ്റവും ഇളയ പുത്രനായ കുഞ്ഞച്ചൻ എന്നു വിളിച്ചിരുന്ന ദേവസ്യാ മാതാപിതാക്കളോടൊപ്പം മുതുകാട്ടിൽ താമസിച്ചു. പൊതുക്കാര്യങ്ങൾ, സഭാ കാര്യങ്ങൾ എന്നിവയിൽ ഒരു മാർഗദർശിയും സജീവപ്രവർത്തകനുമായിരുന്നു. അകഷരജ്ഞാനം പരിമിതമായിരുന്ന അക്കാലത്ത് സ്കൂളുകൾ ഒന്നും തന്നെ ഇല്ലായിരുന്നു. നിലത്തെഴുത്താശ്ശാന്മാരിൽ നിന്നും കൈമാറിക്കിട്ടിയ ജ്ഞാനമേ ചുരുക്കം ചിലർക്കു കിട്ടിയിരുന്നുള്ളൂ. അതിനാൽ ഇവിടുത്തെ സഹപ്രവർത്തകരെ സംഘടിപ്പിച്ച് കടപ്പൂര് വട്ടുകുളത്ത് ഇന്ന് ഹൈസ്കൂളിരിക്കുന്ന സ്ഥലത്ത് ഒരു പ്രൈമറിസ്കൂൾ ആരംഭിക്കുകയും അതിന്റെ ആദ്യകാല മാനേജരായി പ്രവർത്തിക്കുകയും ചെയ്തു. ഈ വിദ്യാലയം ഇപ്പോൾ ഹൈസ്കൂൾ പ്ലസ് ടൂ ആയി വളർന്നു.



മുതുകാട്ടിൽ ശാഖാ കാരണവർ ദേവസ്യായും ഭാര്യ കത്രിയും

ദേവസ്യാ കൂടല്ലൂർ എളമ്പാശേരിൽ ചെറിയാൻ - അന്ന ദമ്പതികളുടെ ഇളയമകൾ കത്രിയെ വിവാഹം ചെയ്തു. കത്രിയുടെ സഹോദരപുത്രനാണു കൂടല്ലൂർ പള്ളി അസി. വികാരിയായിരുന്ന ദിവംഗതനായ ഫാ. ജോസഫ് കീപ്പുറത്ത്. സഹോദരന്റെ മറ്റൊരു പുത്രന്റെ മക്കളാണ് ദിവംഗതരായ ഫാ. ലിയോ കീപ്പുറത്തും ജലന്തർബിഷപ്പ് ആയിരുന്ന ഡോ. സിംഫോറിൻ കീപ്പുറത്തും. കത്രി 1965 ഏപ്രിൽ 26-ാം തീയതിയും ദേവസ്യാ 1967 ആഗസ്റ്റുമാസം 26-ാം തീയതിയും മൂതുകാട്ടിൽ വച്ചു നിര്യാതരായി. ഇരുവരെയും കൂടല്ലൂർ പള്ളി സെമിത്തേരി കുടുംബകല്ലറയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്ക് 5 ആണും 3 പെണ്ണും മക്കൾ ഉണ്ടായി.



മുതുകാട്ടിൽ ശാഖാ കാരണവർ ദേവസ്യായും കുടുംബാംഗങ്ങളും
ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ടിനോടൊപ്പം (1964)

1. പൈലോ
2. ഏലി
3. പൈലോ
4. ചെറിയാൻ
5. അന്ന
6. ജോസഫ്
7. ക്ലാര
8. തോമസ്

## 1. പൈലോ

പൈലോ ജനിച്ച് അധികം താമസിയാതെ മരണമടഞ്ഞു

## 2. ഏലി

കുഞ്ഞുപെണ്ണ് എന്നു വിളിച്ചിരുന്ന ഏലിയെ വലവൂർ കരയിൽ കുറ്റിയാങ്കൽ കുഞ്ഞൗത എന്നു വിളിക്കുന്ന ജോസഫ് വിവാഹം കഴിച്ചു. ഏലി 1986 നവംബർ 17നും കുഞ്ഞൗത 2000 ഏപ്രിൽ 26നും നിര്യാതരായി. ഇരുവരെയും വലവൂർ സെന്റ് മേരീസ് പള്ളിയിൽ കബറടക്കി. ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാരും 6 പുത്രിമാരും മക്കളായുണ്ട്. ഇതിൽ രണ്ടാമത്തെ പുത്രൻ ദേവസ്യാച്ചന്റെ പുത്രനാണ് പാലാ രൂപതയിൽ സേവനം ചെയ്യുന്ന ഫാ.ജോസഫ് കുറ്റിയാങ്കൽ. അദ്ദേഹം ഉപരിപഠനാർത്ഥം ഇപ്പോൾ റോമിലാണ്.

## 3 പൈലോ

ദേവസ്യായുടെ രണ്ടാമത്തെ പുത്രനായ പൈലോച്ചൻ എന്നു വിളിക്കുന്ന പൈലോ 1912ൽ ജനിച്ചു. നിലത്തെഴുത്തും പ്രൈമറി വിദ്യാഭ്യാസവും കഴിഞ്ഞ് കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു കഴിയവെ പാറമ്പുഴ ഇടവക പന്തനാഴിയിൽ സ്കറിയ-മറിയം മകൾ മറിയത്തെ വിവാഹം ചെയ്തു. അന്നവർക്ക് 14ഉം 12ഉം വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് അവർ വേറെ താമസിച്ചു. കൃഷിയും കച്ചവടവുമായി കഴിയുന്നതിനിടയിൽ കട്ടപ്പന വള്ളക്കടവിൽ സ്ഥലം വാങ്ങി 1957 ൽ കുടുംബസമേതം അങ്ങോട്ടു താമസമാക്കി. ഈ ദമ്പതികൾക്കു 3 ആണും 2 പെണ്ണും മക്കളുണ്ട്. മറിയം 1998 ജൂൺ 29നും പൈലോ 2009 ഫെബ്രുവരി 12നും നിര്യാതരായി, ഇരുവരെയും വള്ളക്കടവ് സെന്റ് ആന്റണീസ് പള്ളി സെമിത്തേരി കുടുംബക്കല്ലറയിൽ സംസ്കരിച്ചു.



മുതുകാട്ടിൽ പൈലോയും ഭാര്യ മറിയവും (വള്ളക്കടവ്)

1 കത്രി 2 ദേവസ്യാ 3 ലീല 4 മാത്യു 5 ജോസഫ്

**1. കത്രി**

കത്രിക്കുട്ടി എന്നു വിളിക്കുന്ന കത്രിയെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മണ്ണാറപ്പാറപ്പള്ളി ഇടവക മാഞ്ഞൂരുകരയിൽ വലൃംഗലത്തു ലൂക്കായുടെ മകൻ കുഞ്ഞ് എന്നു വിളിക്കുന്ന വി. എൽ.മാത്യു വിവാഹം ചെയ്തു. അവർ വള്ളക്കടവിൽ താമസിക്കുന്നു. കുഞ്ഞ് ഇന്ന് ജീവിച്ചിരിപ്പില്ല. ഈ ദമ്പതികൾക്ക് 2 ആണും 2 പെണ്ണും മക്കളായുണ്ട്. ആൺ കുട്ടികളിൽ മൂത്തമകൻ സണ്ണി ജീവിച്ചിരിപ്പില്ല.

**2. ദേവസ്യാ**

പൈലോച്ചന്റെ മൂത്തമകനായ കൊച്ച് എന്നു വിളിക്കുന്ന ദേവസ്യാ ഇപ്പോൾ ഹൈറേഞ്ചിൽ ആനവിലാസത്തിന് സമീപം ശാസ്താനട, മേപ്പാറ എന്ന സ്ഥലത്ത് മുതുകാട്ടിൽ എന്ന വീട്ടുപേരിൽ കൃഷിയിൽ വ്യാപൃതനായി കഴിയുന്നു. കടപ്പൂര് ചെമ്പംകുളത്തിൽ നിന്നു വാര്യാമറ്റത്തിൽ താമസിക്കുന്ന ദേവസ്യായുടെ രണ്ടാമത്തെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു രണ്ടാണും മൂന്നും പെണ്ണും മക്കളായുണ്ട്.

1. ജയിസമ്മ 2. ഷെർലി 3. ബെന്നി 4. മിനി 5. ബിജു

**1. ജയിസമ്മ-** ജയിസമ്മ എന്നു വിളിക്കുന്ന മറിയത്ത സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം രാജാക്കാട് ഇടവക അഞ്ചനംകാലായിൽ ജോയി-ത്രേസ്യാമ്മ മകൻ ഷാജൻ വിവാഹം ചെയ്തു.

**2. ഷേർലി-** കൊച്ചിന്റെ രണ്ടാമത്തെ മകളായ ഷെർലിയെ സ്കൂൾ വിദ്യാഭ്യാസശേഷം വിവാഹം കഴിച്ചയച്ചു.

**3. ബെന്നി –** ബെന്നി കൊച്ചിന്റെ മൂത്തമകനാണ്. സ്കൂൾവിദ്യാഭ്യാസശേഷം വിവാഹിതനാണ്. ബെന്നിക്ക് രണ്ടു പെൺമക്കളാണുള്ളത് ബെന്നി 2002 ഒക്ടോബർ 27 ന് നിര്യാതനായി.

1. പ്രിൻസി - പ്ളസ് ടൂ വിദ്യാഭ്യാസത്തിനു ശേഷം പനംകുട്ടി ഇടവക അമ്പഴത്തിനാൽ ലിൻസ് വിവാഹം ചെയ്തു.

2. പ്രീനു - പ്ലസ്ടു വിദ്യാഭ്യാസത്തിനു ശേഷം സിക്കിമിൽ MHMHC കോൺവെന്റിൽ ചേർന്ന് പഠിക്കുന്നു.

**4. മിനി –** മിനി പ്രീഡിഗ്രിക്കുശേഷം ആസാമിൽ കന്യാസ്ത്രിയായി സേവനം ചെയ്യുന്നു.

**5. ബിജു–** പ്ലസ്ടു വിദ്യാഭ്യാസത്തിനു ശേഷം 27-04-2002 ൽ കാഞ്ചിയാർ ഇടവക ഞവറക്കാട്ടിൽ ഔസേപ്പച്ചൻ-അച്ചാമ്മ മകൾ വിൻസിയെ വിവാഹം ചെയ്തു. ഇപ്പോൾ കൃഷിയിൽ വ്യാപൃതനായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് ആൺ മക്കളാണുള്ളത്.

1. ബിനോജ് 7-ാം ക്ലാസിൽ പഠിക്കുന്നു.

2. ബെന്നറ്റ് 6-ാം ക്ലാസിൽ പഠിക്കുന്നു.

3. ബോബിൻ എൽ.കെ.ജി. യിൽ പഠിക്കുന്നു.

### 3. മറിയം

ലീല എന്നു വിളിക്കുന്ന മറിയം പൈലോച്ചന്റെ ഇളയപുത്രിയാണ്. കോളേജു വിദ്യാഭ്യാസശേഷം കാരിത്താസിനടുത്തു ചൂരക്കുളത്തിൽ വർക്കിയുടെ മകൻ കെ. വി. കുര്യൻ വിവാഹം കഴിച്ചു. കുര്യൻ സഹകരണസംഘം ഡപ്യൂട്ടി രജിസ്ട്രാറായി റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്നു. ഈ ദമ്പതികൾക്ക് 3 ആൺമക്കളാണുള്ളത്.

### 4. മാത്യു (ബേബി)

പൈലോച്ചന്റെ രണ്ടാമത്തെ പുത്രനായ ബേബി എന്നു വിളിക്കുന്ന മാത്യു 1950 സംപ്റ്റംബർ 17-ാം തീയതി അഞ്ചാമനായി പറയുന്ന ജോസഫിനോടൊപ്പം ഇരട്ടകളായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ മാതാപിതാക്കളെ സഹായിച്ചു കഴിയുമ്പോൾ ഇരട്ടയാർ കരയിൽ മണ്ണിപ്ലാക്കൽ തോമസിന്റെയും അന്നമ്മയുടെയും മകൾ കുഞ്ഞമ്മയെ 1973 മെയ് 14 ന് വിവാഹം കഴിച്ചു. ഇപ്പോൾ സ്വന്തമായി വീടുവെച്ചു താമസിക്കുന്നു. ഈ ദമ്പതികൾക്കു രണ്ടാണും ഒരു പെണ്ണും മക്കളായുണ്ട്.



മുതുകാട്ടിൽ ബേബിയും കുടുംബവും (വള്ളക്കടവ്)

1. ബിനോയി 2. സിനോയി 3. സിനി

**1. ബിനോയി** ബിനോയി എന്നു വിളിക്കുന്ന പൈലോ 1974 മാർച്ച് മാസം 10-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസവും കംപ്യൂട്ടർ ട്രെയിനിംഗും കഴിഞ്ഞ് ഇപ്പോൾ ദുബായിൽ കമ്പനി മാനേജരായി ജോലി ചെയ്യുന്നു. 2003 നവംബർ 27 ന് മുണ്ടക്കയം ചന്ദ്രൻകുന്നേൽ ശെൽവം- എൽസമ്മ ദമ്പതികളുടെ മകൾ നിമ്മിയെ വിവാഹം ചെയ്തു.ഇരുവരും ദുബായിലാണ്. ഈ ദമ്പതികൾക്ക് 2 പെണ്ണും ഒരാണും മക്കളായുണ്ട്.

1. എലീസാ. - 2005 ജൂൺമാസം 7 ന് ജനിച്ചു. ദുബായിൽ 4-ാം ക്ലാസിൽ പഠിക്കുന്നു.

2. ആൻഡ്രൂ - 2010 ജൂലൈ 29 ന് ജനിച്ചു. യു.കെ.ജി. യിൽ പഠിക്കുന്നു.

3. ഹന്നാ - 2012 നവംബർ 19 ന് ജനിച്ചു.

**2. സിനോയി** -സിനോയി എന്നു വിളിക്കുന്ന തോമസ് ബേബിയുടെ രണ്ടാമത്തെ പുത്രനാണ്. 1976 ജൂലായ് മാസം 25-ാം തീയതി ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം സിനോയി ദുബായിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു 2009 ഫെബ്രുവരി 7 ന് തൊടുപുഴ നെടിയകാല ചെറുപള്ളത്ത് ജോർജ്ജ് - മേരി ദമ്പതികളുടെ മകൾ ജോസ്‌ലിനെ വിവാഹം ചെയ്തു. ജോസ്‌ലിൻ ബി.എസ്.സി., ബി.എഡ്. ബിരുദധാരിയാണ്. ഇപ്പോൾ വണ്ടൻമേട് MESHSS ൽ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കളാണുള്ളത്.

1. ആരോൺ - 2010 ഒക്ടോബർ 9 ന് ജനിച്ചു. നിർമ്മല പബ്ലിക്ക് സ്കൂൾ നരിയമ്പാറയിൽ എൽ.കെ.ജി. യിൽ പഠിക്കുന്നു.

2. ഏദൻ - 2013 ഏപ്രിൽ 22 ന് ജനിച്ചു.

**3. സിനി –** സിനി എന്നു വിളിക്കുന്ന മറിയം 1978 ജൂൺ മാസം 30-ാം തിയതി ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം സിനിയെ ചെമ്പകപ്പാറ നിരപ്പേൽ ചാക്കോ-മറിയം മകൻ ജോൺസൺ 27-01-2001 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 2 ആണും ഒരു പെണ്ണുമാണുള്ളത്.

**5. ജോസഫ്**

പൈലോച്ചന്റെ മൂന്നാമത്തെ പുത്രനായ ജോയി എന്നു വിളിക്കുന്ന ജോസഫ് 1950 സെപ്റ്റംബർ 17 -ാം തീയതി ഇരട്ടകളിൽ രണ്ടാമനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ പിതാവിനെ സഹായിച്ചുകൊണ്ടിരുന്നു. 27.05.1975 ൽ തോവാള ഇലവുങ്കൽ തോമസ്- ത്രേസ്യാമ്മ മകൾ ആലീസിനെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടാൺമക്കൾ ഉണ്ട്.

1. ഫിലിപ്പ് 2. തോമസ്

**1. ഫിലിപ്പ് –** ജെയ്സ് എന്നു വിളിക്കുന്ന ഫിലിപ്പ് 27.05.1977 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൊച്ചുതോവാള ഇടവക ചെന്നിത്തല തെക്കേതിൽ ജോസ് കുട്ടിയമ്മ മകൾ സോജിയെ വിവാഹം ചെയ്തു. ഇപ്പോൾ കൃഷിയും ബിസിനസുമായി കൊച്ചുതോവാളയിൽ താമസിക്കുന്നു ഈ ദമ്പതികൾക്ക് 2 പെണ്ണും 1 ആണും മക്കളായുണ്ട്.

1. അനീറ്റ- പൊന്നു എന്നു വിളിക്കുന്ന അനീറ്റ 12.08.2003 ൽ ജനിച്ചു. ഇപ്പോൾ 7-ാം ക്ലാസിൽ പഠിക്കുന്നു.

2. ആൻമരിയ - ചക്കര എന്നു വിളിക്കുന്ന ആൻമരിയ 19.03.2008 ൽ ജനിച്ചു. ഇപ്പോൾ 2-ാം ക്ലാസിൽ പഠിക്കുന്നു.

3. ആൽവിൻ - അപ്പു എന്നു വിളിക്കുന്ന ആൽവിൻ 21.08.2009 ൽ ജനിച്ചു. 1-ാം ക്ലാസിൽ പഠിക്കുന്നു.

**2. തോമസ് –** ലിജോ എന്നു വിളിക്കുന്ന തോമസ് 27.11.1981 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 14.01.2012 ൽ കട്ടപ്പന ഇടവക വട്ടക്കുന്നേൽ മാത്യു- മേരിക്കുട്ടി മകൾ റാണിയെ വിവാഹം ചെയ്തു. ഇപ്പോൾ കൃഷി കാര്യങ്ങളിൽ വ്യാപൃതനായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

## 4. ചെറിയാൻ

ദേവസ്യാക്കാരണവരുടെ മൂന്നാമത്തെ മകനായ ചെറിയാൻ 1917 ഏപ്രിൽ മാസം 18–ാം തീയതി ജനിച്ചു. മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചുകൊണ്ടിരിക്കെ 1933 ജൂൺമാസം 6–ാം തീയതി അടിച്ചിറ കൈമുണ്ടൻകാലായിൽ ചെറിയാൻ ഏലി മകൾ മറിയത്തെ വിവാഹം കഴിച്ചു. ചെറിയാൻ തന്റെ വീതം വസ്തുക്കൾ വിറ്റ് കട്ടപ്പന വള്ളക്കടവിൽ സ്ഥലം വാങ്ങി തെങ്ങ്, കാപ്പി തുടങ്ങി നല്ല ദേഹണ്ഡങ്ങൾ ചെയ്തു. എന്നാൽ ഭാര്യ മറിയത്തിന് അവിടത്തെ കാലാവസ്ഥ പിടിക്കാതെ രോഗിയായതിനാൽ സ്ഥലം വിറ്റു വീണ്ടും കടപ്പൂരു വന്നു സ്ഥലം വാങ്ങി കൃഷി തുടങ്ങി. എന്നാൽ പിന്നീട് അദ്ദേഹം മലബാറിൽ തിരുവമ്പാടി എന്ന സ്ഥലത്തു കൂടുതൽ സ്ഥലം വാങ്ങി അവിടേക്കു താമസം മാറ്റി. ആറേഴു വർഷത്തിനു ശേഷം ഭാര്യ മറിയാമ്മ വീണ്ടും രോഗിയായി തളർന്ന് കോഴിക്കോടു മെഡിക്കൽ കോളേജിൽ നീണ്ട ചികിത്സകൾക്കു വിധേയയായി. തുടർന്നു തിരുവമ്പാടിയിലെ സ്ഥലവും വിറ്റ് വയനാട്ടിൽ വരുകയും ആവശ്യത്തിനു കൃഷിസ്ഥലം മക്കിയാടിയിൽ വാങ്ങി ബിസിസിനസ്സും ചെയ്തു കഴിയവെ ചെറിയാൻ 1995 സെപ്റ്റംബർ 6 നും മറിയം 1996 ഡിസംബർ 30 നും നിര്യാതരായി. ഇരുവരെയും വാളാട് പള്ളി സെമിത്തേരിയിൽ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. ഈ ദമ്പദികൾക്ക് 5 പെണ്ണും ഒരാണും മക്കളായുണ്ട്.



മുതുകാട്ടിൽ ചെറിയാനും ഭാര്യ മറിയാമ്മയും
മകൾ സി. ആൻഡ്രിയായും (വയനാട്)

| | | |
|---|---|---|
| 1. കത്രി | 2. ലീലാമ്മ | 3. മേരി |
| 4. അന്നമ്മ | 5. മോളി | 6. ജോസഫ് |

**1. കത്രി**

കത്രിക്കുട്ടി എന്നു വിളിക്കുന്ന കത്രി 1942 ഫെബ്രുവരി മാസം 2-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസ ശേഷം 1967 മാർച്ച് 26-ാം തീയതി വയനാട്ടിൽ മക്കിയാട് എന്ന സ്ഥലത്തു കൊച്ചു കരോട്ടുവീട്ടിൽ ചാക്കോച്ചൻ എന്നു വിളിക്കുന്ന ജോസഫ് വിവാഹം ചെയ്തു. കത്രിക്ക് 2 പുത്രന്മാരും 1 പുത്രിയുമുണ്ട്.

**2. ലീലാമ്മ**

ചെറിയാന്റെ രണ്ടാമത്തെ പുത്രിയായ ലീലാമ്മ 1946 ആഗസ്റ്റ് 7 -ാം തീയതി ജനിച്ചു സ്കൂൾ വിദ്യാഭ്യാസശേഷം 1972 ഫെബ്രുവരി മാസം 27 -ാം തീയതി ഗൂഡല്ലൂർ നിരപ്പുതൊട്ടിയിൽ ദേവസ്യാച്ചൻ വിവാഹം ചെയ്തു.ലീലാമ്മയ്ക്ക് 3പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

**3 മേരി**

1952 മാർച്ചുമാസം 6-ാം തീയതി മേരി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് 1978 ജൂലായ് മാസം 16-ാം തീയതി വയനാട്ടിൽ തവിഞ്ഞാൽ കൈതയ്ക്കൽ ജോസഫ് വിവാഹം ചെയ്തു. മേരിക്ക് 3 പുത്രന്മാരും 1 പുത്രിയുമുണ്ട്.

**4 സി. ആൻഡ്രിയ**

ചെറിയാന്റെ നാലാമത്തെ മകളായ അന്നമ്മ എന്നു വിളിക്കുന്ന ആൻഡ്രിയ 1955 ജൂൺമാസം 7-ാം തീയതി ജനിച്ചു. സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി 1985 പെബ്രുവരി 2-ാം തീയതി നിത്യവ്രതവാഗ്ദാനം ചെയ്തു ദീനദയാൽസഭയിൽ അംഗമായി. ഇപ്പോൾ തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു.

**5 മോളി**

മോളി ചെറിയാന്റെ അഞ്ചാമത്തെ മകളാണ്. 1959 ആഗസ്റ്റുമാസം പത്താം തീയതി ജനിച്ചു. സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വയനാട്ടിൽ വെള്ളമുണ്ട എന്ന സ്ഥലത്തു ഇലക്ട്രോണിക് ബിസ്സിനസ്സ്കാരനായ തയ്യിൽവീട്ടിൽ ജോസഫ് വിവാഹം ചെയ്തു. മോളിക്ക് 1 പുത്രനും 2 പുത്രിമാരുമുണ്ട്.

### 6. ജോസഫ്

ചെറിയാന്റെ ഏകമകനായ തങ്കച്ചൻ എന്നുവിളിക്കുന്ന ജോസഫ് 1961 ആഗസ്റ്റുമാസം 22-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1981 ജൂൺമാസം 7-ാം തീയതി മാനന്തവാടിയിൽ തോണ്ടിച്ചാൽ എന്ന സ്ഥലത്തു കുഴിവേലിൽ ജോർജ്-അന്നക്കുട്ടി ദമ്പതികളുടെ പുത്രി പുഷ്പമ്മയെ വിവാഹം ചെയ്തു. തങ്കച്ചൻ നല്ല ഒരു വ്യാപാരിയും കൃഷിക്കാരനുമാണ്. ഇപ്പോൾ മാനന്തവാടി 4-ാം മൈലിൽ കൃഷിയും ബിസിനസുമായി കഴിയുന്നു. ഇവർക്ക് 3 ആൺമക്കളാണുള്ളത്.

1 പ്രിൻസ് 2 ജോർജുകുട്ടി 3 കിരൺ

**1. പ്രിൻസ് :** പ്രിൻസ് 1982 ഏപ്രിൽമാസം 22-ാം തീയിതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാനന്തവാടിക്കു സമീപം കൊയ്ലേരി മണ്ണറയ്ക്കൽ വീട്ടിൽ റസൽ - മേരി ദമ്പതികളുടെ മകൾ ജിനീറ്റയെ 2012 നവംബർ 26 ന് വിവാഹം ചെയ്തു. ഇപ്പോൾ അലുമിനിയം ഫാബ്രിക്കേഷൻ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.

**2. ജോർജ്ജുകുട്ടി :** വരുൺ എന്നു വിളിക്കുന്ന ജോർജുകുട്ടി 1985 സെപ്റ്റംബർ 14-ാം തീയതി ജനിച്ചു. ഇപ്പോൾ സൗത്ത് ആഫ്രിക്കയിൽ ഇലക്ട്രിക്കൽ സൂപ്പർവൈസറായി ജോലി ചെയ്യുന്നു.

**3. കിരൺ :** കിരൺ തങ്കച്ചന്റെ മൂന്നാമത്തെ മകനാണ്. 1988 ജൂലായ് മാസം 27-ാം തീയതി ജനിച്ചു. ബി.സി.എ. പഠനത്തിനു ശേഷം അബുദാബിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

## 5. അന്ന

ദേവസ്യായുടെ രണ്ടാമത്തെ മകളായ അന്നമ്മ എന്നു വിളിക്കുന്ന അന്ന 1919 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസശേഷം 1935ൽ മറ്റക്കര മണ്ണനാൽക്കുന്നുംപുറത്ത് വിൻസന്തിയോസിന്റെ മൂത്തമകനും മണ്ണനാൽ കുടുംബയോഗത്തിന്റെ ആദ്യകാലപ്രസിഡന്റുമായ അന്തോനി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് 4 പുത്രന്മാരും 2 പുത്രിമാരുമുണ്ട്. ഇടുക്കി ജില്ലയിൽ തഹശീൽദാരും പിന്നീടു ഡപ്യൂട്ടി കലക്ടറുമായി റിട്ടയർ ചെയ്ത എം.എ. വിൻസന്റ് ഇവരുടെ സീമന്തപുത്രനാണ്. അന്തോണി 03.12.1998 ൽ നിര്യാതനായി.

## 6. ജോസഫ്

ദേവസ്യായുടെ നാലാമത്തെ മകനായ കൊച്ചേപ്പ് എന്നു വിളിച്ചുവരുന്ന എം.ഡി ജോസഫ് 1921 സെപ്റ്റംബർ മാസം 11-ാം

തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൊല്ലത്തെ ടെലിഗ്രാഫി ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചു ടെലിഗ്രാഫി പാസ്സായി. രണ്ടാം ലോക മഹായുദ്ധം ശക്തിപ്രാപിച്ചിരുന്ന കാലമായതിനാൽ 1942 ഒക്ടോബർ മാസം 15-ാം തീയതി സൈന്യത്തിൽ റോയൽ ഇന്ത്യൻ ആർമി സർവ്വിസിൽ ചേർന്നു. ആദ്യ ട്രെയിനിംഗ് പഞ്ചാബ് ഫിറോസ്പൂരിലായിരുന്നു. പിന്നീട് ഉപരിപഠനത്തിനും പരിശീലനത്തിനുമായി ഉത്തർപ്രദേശ് ബറേലിയിൽ ജൂണിയർകമ്മീഷൻഡ് ഓഫീസേഴ്സ് ട്രെയിനിംഗ് സ്കൂളിൽ സെലക്ഷൻ കിട്ടി. അവിടത്തെ പരീക്ഷ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. ഇതിൽ ആയുധ പരിശീലനവും ഇംഗ്ലീഷ്, ഹിന്ദി, റോമൻ, ഉർദു, എന്നീ ഭാഷകളും ടൈപ്പ് റൈറ്റിംഗും ഉൾപ്പെട്ടിരുന്നു. പിന്നീടു ബ്രിട്ടിഷ് ആർമിയുടെ സ്പെഷ്യൽ ഫോഴ്സിൽ സപ്ലൈ വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു. ഇതിനിടയിൽ പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിനടുത്തു ചക്കലാല എന്ന പ്രദേശത്തു പാരച്യൂട്ട് ട്രെയിനിംഗും നടത്തി. യുദ്ധാനന്തരം ആഗ്ര, ജാൻസി, ഡെറാഡൂൺ, ബാംഗ്ലൂർ, പത്താൻകോട്, ഊട്ടി, വെല്ലിംഗ്ടൺ തുടങ്ങിയ വിവിധ കേന്ദ്രങ്ങളിൽ സപ്ലൈ ഡിപ്പോകളിൽ ഹവിൽദാർ ക്ലാർക്ക് (സ്റ്റോർ), ക്വാർട്ടർ മാസ്റ്റർ, ഹവിൽദാർ മേജർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചു റിട്ടയർ ചെയ്തു. സ്തുത്യർഹമായ സേവനത്തിനുള്ള മെരിറ്റ് സർട്ടിഫിക്കറ്റുകളും വാർമെഡൽ, ഇൻഡിപെൻഡന്റ് മെഡൽ എന്നിവയും ലഭിച്ചിട്ടുണ്ട്. സർവ്വീസിലിരിക്കെ 1948 ആഗസ്റ്റുമാസം 26-ാം തീയതി അതിരമ്പുഴ കൊല്ലപ്പള്ളിൽ കെ.എസ്സ്. ദേവസ്യാ (കുട്ടി) ഏലിയാമ്മ (മാമ്മി) ദമ്പതികളുടെ രണ്ടാമത്തെ പുത്രി ഏലിയാമ്മയെ വിവാഹം ചെയ്തു.



മുതുകാട്ടിൽ എം. ഡി. ജോസഫും (കൊച്ചേപ്പ്) ഭാര്യ ഏലിയാമ്മയും

ജോസഫ് റിട്ടയർ ചെയ്തു വീട്ടിൽ വന്ന ഉടനെ കൃഷികാര്യങ്ങളിൽ ശ്രദ്ധാലുവായി. അതോടൊപ്പം നാടിന്റെ നാനാവിധമായ പുരോഗതിക്കുവേണ്ടി പൊതുജനങ്ങളെ സംഘടിപ്പിച്ചു നേതൃത്വം കൊടുത്തു. യാത്രാസൗകര്യം തീർത്തും ഇല്ലാതിരുന്ന കടപ്പൂരുഗ്രാമത്തിൽ പുതിയ റോഡുകൾ ഉണ്ടാക്കി. ഉണ്ടായിരുന്നവ വീതി കൂട്ടി ടാർചെയ്യിച്ചു ബസ്സ് സർവ്വീസും തുടങ്ങി. കടപ്പൂര് ഗവ. യുപി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനു മുൻപിൽ നിന്നു. ഗ്രാമം വൈദ്യുതീകരിക്കുന്നതിനു 3 ഫേസ് ലൈനിന് അനുവാദം വാങ്ങി ശ്രമദാനം വഴി പൂർത്തിയാക്കി. കടപ്പൂരുള്ള ക്രിസ്തീയ കുടുംബങ്ങളെ സഹകരിപ്പിച്ചു മാതാവിന്റെ നാമത്തിൽ പള്ളി സ്ഥാപിച്ചു. 1967 ആഗസ്റ്റുമാസം 15-ാം തീയതി അഭിവന്ദ്യപിതാവ് സെബാസ്റ്റ്യൻ വയലിൽത്തിരുമേനി ആശീർവദിച്ച് ആദ്യബലി അർപ്പിച്ചു.

നാട്ടിൻപുറങ്ങളിലെ എല്ലാ പൊതുപ്രവർത്തനങ്ങളുടെയും വിജയം അതിനു നേതൃത്വം കൊടുക്കുന്നവരുടെ പിന്നിലുള്ള സ്വന്തം കുടുംബാംഗങ്ങളുടെ സഹനവും സഹകരണവും പ്രോത്സാഹനവുമാണെന്നു നിസ്സംശയം പറയേണ്ടിയിരിക്കുന്നു. ഇവിടെയും ജോസഫിന്റെ എല്ലാ പ്രവർത്തനങ്ങൾക്കു പിന്നിലും പ്രവർത്തിച്ചതു തന്റെ സഹധർമ്മിണി ഏലിയാമ്മയായിരുന്നു. ശ്രമദാനങ്ങൾക്ക് എത്രപേരുണ്ടായിരുന്നാലും സന്തോഷത്തോടെ ആഹാരം കൊടുത്തിരുന്നു. വൃദ്ധരായ മാതാപിതാക്കളെ അവരുടെ അന്ത്യം വരെ ക്ഷമയോടെ ഒരു കുറവുമില്ലാതെ രാപകൽ പരിചരിച്ചു തന്റെ കടമ നിർവഹിച്ചു.

25 വർഷത്തോളം തുടർച്ചയായി ജോസഫ് കൂടല്ലൂർപള്ളിയുടെ യോഗപ്രതിനിധി, ആഡിറ്റർ, എല്ലാ ആലോചനാക്കമ്മിറ്റികളിലും നിർമ്മാണപ്രവർത്തനങ്ങളിലും സജീവാംഗം, കൂടല്ലൂർ ഹെൽത്തു സെന്ററിന്റെ സ്ഥാപകക്കമ്മിറ്റിയംഗം എന്നിങ്ങനെ വിവിധ തലങ്ങളിൽ സേവനം ചെയ്തു. ജോസഫ് - ഏലിയാമ്മ ദമ്പതികൾക്കു 4 ആണും 4 പെണ്ണും മക്കളുണ്ടായി. ജോസഫ് 2007 ജൂലൈ 5 ന് നിര്യാതനായി. മൃതദേഹം 06.07.2007 ൽ കൂടല്ലൂർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ ബിഷപ്പ് റവ. ഡോ. സീംഫോറിയൻ കീപ്പുറത്തിന്റെ കാർമ്മികത്വത്തിൽ സംസ്കരിച്ചു. ജോസഫ് മൂശാരിയേട്ട് കുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു.



മുതുകാട്ടിൽ എം. ഡി. ജോസഫും കുടുംബവും

| | | |
|---|---|---|
| 1) കാതറൈൻ | 2) വത്സമ്മ | 3) പ്രസാദ് |
| 4) ഷീലമ്മ | 5) റൂബി | 6) ടോണി |
| 7) ഡെന്നി | 8) രാജൻ | |

### 1. കാതറൈൻ

1951 ജനുവരി മാസം 18-ാം തീയതി ബാംഗ്ലൂർ സെന്റ് ഫിലോമിനാസ് ഹോസ്പിറ്റലിൽ ജനിച്ചു. പെട്ടെന്നുണ്ടായ അസുഖത്താൽ 26.1.1951 ൽ മരണമടഞ്ഞു. അവിടെത്തന്നെ സെ.മേരീസ് കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### 2. വത്സമ്മ

ജോസഫിന്റെ രണ്ടാമത്തെ പുത്രി വത്സമ്മ എന്നു വിളിച്ചിരുന്ന കത്രി 1952 ജനുവരി 14-ാം തീയതി ജനിച്ചു. സ്കൂൾ ഫൈനൽ പാസ്സായ ഉടനെ 1970 സെപ്റ്റംബർ 14-ാം തീയതി പാദുവാ പള്ളി ഇടവക മുണ്ടുവാലയിൽ മത്തായി-മറിയം ദമ്പതികളുടെ ഇളയമകൻ എ.എം. ജോസഫ് വിവാഹം ചെയ്തു. ജോസഫ് എടത്വാ സെന്റ്. അലോഷ്യസ് കോളജ് കെമിസ്ട്രി വിഭാഗം പ്രൊഫസറായിരുന്നു. ഈ ദമ്പതികൾക്ക് ഒരാണും 3 പെണ്ണും മക്കളായുണ്ട്. ജോസഫ് 2006 ഏപ്രിൽ 17 ന് നിര്യാതനായി.

### 3. പ്രസാദ്

ജോസഫിന്റെ ആദ്യപുത്രനായ പ്രസാദ് എന്ന് വിളിച്ചു വരുന്ന സെബാസ്റ്റ്യൻ 1955 ജനുവരി 20-ാം തീയതി ജനിച്ചു. കോളജ് വിദ്യാഭ്യാസത്തിനു ശേഷം ഹൈറേഞ്ചിൽ വണ്ടൻമേട്ടിൽ ബിസ്സിനസ്സും കൃഷിയുമായി കഴിയവെ 1983 സെപ്റ്റംബർ 2-ാം തീയതി വണ്ടൻമേട് വയലിൽ കൊല്ലാട്ട് വി. എ.സ്കറിയായുടെയും ഏലിയാമ്മയുടേയും പുത്രി റ്റിറ്റി എന്നു വിളിക്കുന്ന ഗ്രേസിക്കുട്ടിയെ വിവാഹം ചെയ്തു. ഗ്രേസിക്കുട്ടി BSc, BEd. കാരിയും പുറ്റടി ഹൈസ്കൂളിൽ മാത്തമാറ്റിക്സ് ടീച്ചറുമാണ്. ഈ ദമ്പതികൾക്കു രണ്ട് ആൺമക്കളുണ്ട്.



മുതുകാട്ടിൽ പ്രസാദും കുടുംബവും (വണ്ടൻമേട്)

1. ജോസഫ് 2. സെബാസ്റ്റ്യൻ

**1. ജോസഫ്.** പ്രേം പ്രസാദ് എന്നു വിളിച്ചു വരുന്ന ജോസഫ്, പ്രസാദിന്റെ മൂത്തമകനാണ്. 1984 ജൂൺ മാസം 11 -ാം തീയതി ജനിച്ചു . കോളേജ് വിദ്യാഭ്യാസത്തിനുശേഷം വിവാഹിതനായി.

**2. സെബാസ്റ്റ്യൻ.** ശ്യാം പ്രസാദ് എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 10.05.1986ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം വിവാഹിതനായി.

### 4) ഷീലമ്മ

ഷീലമ്മ എന്നു വിളിക്കുന്ന ഏലി ജോസഫിന്റെ മൂന്നാമത്തെ പുത്രിയാണ്. 1956 ജൂലായ് മാസം 30-ാം തീയതി ജനിച്ചു.

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ആരോഗ്യപരമായ കാരണങ്ങ ളാൽ ഇപ്പോൾ ഇളയ സഹോദരൻ രാജനോടൊപ്പം കഴിയുന്നു.

## 5) റൂബി

റൂബി എന്നു വിളിക്കുന്ന ഫിലോമിന 1958 ആഗസ്റ്റുമാസം 10-ാം തീയതി ജനിച്ചു. എം. എ. പാസ്സായ ശേഷം 1985 മെയ്മാസം 9-ാം തീയതി തീക്കോയി ഇടവക തുരുത്തിയിൽ വർക്കി-ഏലി യാമ്മ മകൻ റ്റി. വി ജോർജ്ജ് വിവാഹം ചെയ്തു. ജോർജ്ജ് തീക്കോയി സെന്റ് മേരീസ് എച്ച്.എസ്.എസ്. ൽ നിന്നും പ്രിൻസി പ്പാളായി റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്നു. ഈ ദമ്പതി കൾക്ക് 2 ആൺമക്കളാണുള്ളത്.

## 6) ടോണി

ജോസഫിന്റെ രണ്ടാമത്തെ പുത്രനായ ടോണി എന്നു വിളി ക്കുന്ന തോമസ് 1960 ഡിസംബർ മാസം 3-ാം തീയതി ജനിച്ചു. കോളജുവിദ്യാഭ്യാസത്തിനു ശേഷം ഹൈറേഞ്ചിൽ വണ്ടൻമേട്, രാജ പ്പാറ എന്നിവിടങ്ങളിൽ ബിസ്സിനസ്സിലും ഏലം കൃഷിയിലും ജേഷ്ഠ സഹോദരനോടൊപ്പം കഴിയവെ 1987 ജനുവരി മാസം 19-ാം തീയതി കുറിച്ചിത്താനം ഇടവക തുരുത്തിയിൽ കുര്യൻ-മേരി മകൾ മേരിയെ (ഷേർലി) വിവാഹം ചെയ്തു. ഷേർലിക്ക് കോളേജ് വിദ്യാഭ്യാസ മുണ്ട്. ടോണി 1995 മുതൽ കിടങ്ങൂരിൽ മാതാ ട്രേഡേഴ്സ് എന്ന പേരിൽ സാനിട്ടറി വെയർ വ്യാപാരസ്ഥാപനം നടത്തി വരുന്നു. 1998 നവംബർ 1 മുതൽ തറവാട്ടിൽ നിന്നും മാറി വീടുവെച്ച് താമ സിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു പെണ്ണും ഒരാണും മക്കളായുണ്ട്.



മുതുകാട്ടിൽ ടോണിയും കുടുംബവും

1. ക്രിസ്റ്റിൻ 2. ജസ്റ്റിൻ

**1 ക്രിസ്റ്റിൻ :** ക്രിസ്റ്റിൻ എന്നു വിളിക്കുന്ന എലിസബത്ത് 1989 ഒക്ടോബർ 3-ാം തീയതി ജനിച്ചു. ക്രിസ്റ്റിൻ പൂഞ്ഞാർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ബി.ടെക് ബിരുദം നേടിയതിനു ശേഷം 2012 ആഗസ്റ്റ് 11 ന് എടത്വാ ഇടവക ചുടുകാട്ടിൽ ജോസഫ് ഫിലോമിന മകൻ ബിപിനെ വിവാഹം ചെയ്തു. ബിപിൻ ദുബായിൽ സിവിൽ എഞ്ചിനിയറാണ്. ഈ ദമ്പതികൾക്ക് ഒരു പെൺകുട്ടിയുണ്ട്.

**2. ജസ്റ്റിൻ :** ജസ്റ്റിൻ എന്നുവിളിക്കുന്ന ജോസഫ് 1991 ഒക്ടോബർമാസം 23-ാം തീയതി ജനിച്ചു. ജസ്റ്റിൻ കുറവിലങ്ങാട് ദേവമാതാ കോളേജിൽ നിന്നും ബിരുദം നേടിയതിനുശേഷം ഇപ്പോൾ ഉപരിപഠനാർത്ഥം ന്യൂസിലൻഡിലാണ്.

### 7) ഡെന്നി

ഡെന്നി എന്നു വിളിക്കുന്ന ജോസഫ് മുതുകാട്ടിൽ ജോസഫിന്റെ മൂന്നാമത്തെ പുത്രനാണ്. 1963 ഫെബ്രുവരി മാസം 11-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഇളയ സഹോദരൻ രാജനോടൊപ്പം താമസിക്കുന്നു.

### 8) രാജൻ

രാജൻ എന്നു വിളിക്കുന്ന പോൾ (ജോസ് പി. രാജൻ) ജോസഫിന്റെ ഇളയപുത്രനാണ്. 1973 ജൂലായ്മാസം 30-ാം തീയതി ജനിച്ചു. കോളേജു വിദ്യഭ്യാസത്തിനു ശേഷം ഏറ്റുമാനൂർ ഗവ. ഐറ്റി.ഐ യിൽ മോട്ടോർ വെഹിക്കിൾ മെക്കാനിക്കിനു പഠിച്ചു. രാജൻ 1999 മെയ് 24ന് കരിമ്പാനി ഇടവക പുത്തൻപുരയ്ക്കൽ എബ്രാഹം-മേരി ദമ്പതികളുടെ മകൾ ബെറ്റിയെന്നു വിളിക്കുന്ന റോസയെ വിവാഹം ചെയ്തു. രാജൻ കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു. ഈ ദമ്പതികൾക്ക് 3 പെൺമക്കളാണുള്ളത്.



മുതുകാട്ടിൽ രാജനും കുടുംബവും മാതാവ് ഏലിയാമ്മയോടും സഹോദരങ്ങളോടുമൊപ്പം

**1. എലൈൻ** (എലിസബത്ത്)- എലൈൻ എന്നു വിളിക്കുന്ന എലിസബത്ത് 2000 ഡിസംബർ 28 ന് ജനിച്ചു. ഇപ്പോൾ വെട്ടിമുകൾ സെന്റ് പോൾസ് ഹൈസ്കൂളിൽ 8-ാം ക്ലാസിൽ പഠിക്കുന്നു.

**2. മരിയ (മേരി)** - മരിയ എന്നു വിളിക്കുന്ന മേരി 2002 നവംബർ 28 ന് ജനിച്ചു. ഇപ്പോൾ വെട്ടിമുകൾ സെന്റ് പോൾസ് ഹൈസ്കൂളിൽ 6-ാം ക്ലാസിൽ പഠിക്കുന്നു.

**3. റീത്ത (കാതറൈൻ)** - റീത്ത എന്നു വിളിക്കുന്ന കാതറൈൻ 2004 സെപ്റ്റംബർ 28 ന് ജനിച്ചു. ഇപ്പോൾ വെട്ടിമുകൾ സെന്റ് പോൾസ് ഹൈസ്കൂളിൽ 5-ാം ക്ലാസിൽ പഠിക്കുന്നു.

## 7) ക്ലാര

ക്ലാരമ്മ എന്നു വിളിക്കുന്ന ക്ലാര മുതുകാട്ടിൽ ദേവസ്യാക്കാരണവുടെ ഏറ്റവും ഇളയപുത്രിയാണ്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കുറവിലങ്ങാട് സെന്റ് മേരിസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പുന്നാംതടത്തിൽ ഫിലിപ്പിന്റെ മൂത്തമകൻ കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന ജോൺ വിവാഹം ചെയ്തു. കോഴാ മാളിയേ

ക്കൽ വീട്ടിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് 3 ആണും 5 പെണ്ണും മക്കളായുണ്ട്. കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന ജോൺ 2011 ആഗസ്റ്റ് 4 ന് നിര്യാതനായി. നേപ്പാളിൽ കന്യാസ്ത്രീയായി സേവനമനുഷ്ഠിക്കുന്ന കുഞ്ഞന്ന, ബാംഗ്ലൂരിലുള്ള സിസ്റ്റർ ഇത്തമ്മ, കാലടിയിലുള്ള സിസ്റ്റർ വത്സമ്മ എന്നിവർ മക്കളാണ്.

## 8) തോമസ്

മുതുകാട്ടിൽ ദേവസ്യാ കാരണവരുടെ ഏറ്റവും ഇളയമകനാണു തോമ്മാച്ചൻ എന്നു വിളിക്കുന്ന തോമസ്. 1930 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷികാര്യങ്ങളിൽ മാതാപിതാക്കളെ സഹായിച്ചു കൊണ്ടിരുന്നു. കട്ടച്ചിറ പെരുമനക്കുന്നേൽ ഔസേപ്പിന്റെ രണ്ടാമത്തെ മകൾ കുട്ടിയമ്മ എന്നു വിളിക്കുന്ന അന്നയെ വിവാഹം ചെയ്തു. 1957 ജൂലായ്മാസം 31-ാം തീയതി കാരുമറ്റം പുരയിടത്തിൽ പണിതിരുന്ന പുതിയവീട്ടിലേക്കു താമസം മാറ്റി. ഒരു മാതൃകാകർഷകനായിരുന്ന തോമസ് യോഗപ്രതിനിധി, കൈക്കാരൻ എന്നീ നിലകളിൽ മാത്രമല്ല മറ്റു സഭാകാര്യങ്ങളിലും ആത്മാർത്ഥമായി സേവനം ചെയ്തിട്ടുണ്ട്. എല്ലാ പൊതുപ്രവർത്തനങ്ങളിലും സജീവപങ്കാളിത്തം ഉണ്ടായിരുന്നു. കടപ്പൂരുപള്ളിസ്ഥാപനത്തിലും ഇലക്ട്രിക് ലൈൻ നിർമ്മിക്കുന്നതിനും, റോഡുകൾ വെട്ടുന്നതിനും വീതികൂട്ടി പുതുക്കുന്നതിനും എല്ലാവരോടുമൊപ്പം മുൻനിരയിൽത്തന്നെ പ്രവർത്തിച്ചു. തന്റെ ആരോഗ്യം പരിഗണിക്കാതെ തന്നെ കഠിനാദ്ധ്വാനം വഴി ശ്രമദാനത്തിലൂടെയും ധനസഹായത്തിലൂടെയും പൊതുക്കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ആരുടെയും ഏത് അത്യാഹിതത്തിലും മുൻപേ ഓടിയെത്തുകയും ആവശ്യമായതെന്തും നോക്കിക്കണ്ടു ചെയ്യുന്നതിനും തയ്യാറാകുകയും ചെയ്തിരുന്നു. തോമസ് 2014 ഏപ്രിൽ 11ന് നിര്യാതനായി. സംസ്കാരം 2014 ഏപ്രിൽ 13 ന് കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിലെ കുടുംബക്കല്ലറയിൽ നടത്തി. അന്നമ്മ 2014 ജൂലൈയ് 23 ന് നിര്യാതയായി. സംസ്കാരം 2014 ജൂലൈയ് 25 ന് കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിലെ കുടുംബക്കല്ലറയിൽ നടത്തി. തോമ്മാച്ചൻ-കുട്ടിയമ്മ ദമ്പതികൾക്ക് രണ്ടാണും അഞ്ചുപെണ്ണും മക്കളുണ്ട്.



മുതുകാട്ടിൽ എം.ഡി. തോമസും ഭാര്യ അന്നമ്മയും

1. ഗ്രേസി 2. ജോസ് 3. മേരി 4. വത്സമ്മ
5. കുഞ്ഞുമോൾ 6. കുട്ടപ്പൻ 7. ജെസിമോൾ

**1. ഗ്രേസി (കത്രി)** - ഗ്രേസി എന്നു വിളിക്കുന്ന കത്രി 23.03.1953 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 24.06.1971 ൽ കാഞ്ഞിരത്താനം ഇടവക പുളിക്കപ്പറമ്പിൽ കുഞ്ഞ്-മറിയാമ്മ ദമ്പതികളുടെ മകൻ പാപ്പച്ചൻ എന്നു വിളിക്കുന്ന മാത്യു വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്. മാത്യു സർവ്വേ ഡിപ്പാർട്ടുമെന്റിൽ നിന്നും റിട്ടയർ ചെയ്ത് വിശ്രമ ജീവിതം നയിക്കുന്നു.

**2. ജോസ് (ജോസഫ്)** - ജോസ് എന്ന വിളിക്കുന്ന ജോസഫ് 6.11.1955 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1976 ഒക്ടോബർ 18 ന് ചെറുവാണ്ടൂർ ഇടവക നെടിയാനിയിൽ പാപ്പച്ചൻ-റോസമ്മ ദമ്പതികളുടെ മകൾ ലിസിയെ വിവാഹം ചെയ്തു. ജോസ് 2009 ജൂൺ 3 ന് നിര്യാതനായി. മൃതദേഹം 04.06.2009 ൽ കട്ടച്ചിറ സെന്റ് സേവ്യേഴ്സ് പള്ളിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. ജോസ്-ലിസി ദമ്പതികൾക്ക് ഒരാണും 3 പെണ്ണും മക്കളായുണ്ട്.

**1.ജോയിൻസ് –** ജോയിൻസ് 1977 ജൂലൈ 27 ന് ജനിച്ചു.കോളേജ് വിദ്യാഭ്യാസത്തിനു ശേഷം 2005 ജനുവരി 2 ന് പൂവരണി ഇടവക പുല്ലാട്ട് തോമസ്-ലില്ലി മകൾ ജൂലിയെ(സെലിൻ)

വിവാഹം ചെയ്തു.ജൂലി പാലാ സെന്റ് തോമസ് കോളേജിൽ IGNOU സ്റ്റഡി സെന്ററിൽ ലക്ചററായി ജോലി ചെയ്യുന്നു. ജോയിൻസ് കട്ടച്ചിറയിൽ മുതുകാട്ടിൽ ഏജൻസീസ് എന്ന പേരിൽ സാനിട്ടറി വെയർ വ്യാപാരവും, ഡർബാർ കാറ്ററിംഗ് എന്ന പേരിൽ കാറ്ററിംഗ് സർവ്വീസും നടത്തിവരുന്നു. ഈ ദമ്പതികൾക്ക് രണ്ടു പെൺമക്കളാണുള്ളത്.

1. അന്നാ റോസ് (റോസമ്മ) - അന്നാ റോസ് എന്നു വിളിക്കുന്ന റോസമ്മ 2005 ഡിസംബർ 12 ന് ജനിച്ചു. ഇപ്പോൾ കട്ടച്ചിറ മേരീ മൗണ്ട് പബ്ലിക് സ്കൂളിൽ 4-ാം ക്ലാസിൽ പഠിക്കുന്നു.

2. അമിതാ മരിയ (മേരി) - അമിതാ മരിയ എന്നു വിളിക്കുന്ന മേരി 2009 മെയ് 27 ന് ജനിച്ചു. ഇപ്പോൾ കട്ടച്ചിറ മേരീ മൗണ്ട് പബ്ലിക് സ്കൂളിൽ യു.കെ.ജി. യിൽ പഠിക്കുന്നു.

**2. ജാസ്മിൻ** - ജാസ്മിൻ 1979 ജനുവരി 8ന് ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം 1999 നവംബർ 20 ന് ചെമ്മലമറ്റം ഇടവക കണ്ണാട്ടുകുന്നേൽ മാത്യു-റോസ ദമ്പതികളുടെ മകൻ ടിങ്കിൾ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 2 പെണ്ണും ഒരാണും മക്കളായുണ്ട്.

**3. ജോസ്ന** - ജോസ്ന 1985 ജൂലൈയ് 2 ന് ജനിച്ചു. നഴ്സിംഗ് പഠനത്തിനുശേഷം തീക്കോയി ഇടവക മൂലയിൽ ജോസഫ്-കുട്ടിയമ്മ മകൻ ജോമോൻ 2011 ഫെബ്രുവരി 28 ന് വിവാഹം ചെയ്തു.ജോമോൻ അഹമ്മദാബാദിൽ നഴ്സായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് ഒരു പെൺകുട്ടിയുണ്ട്.

**4. രേവതി (അൽഫോൻസ)** - രേവതി എന്നു വിളിക്കുന്ന അൽഫോൻസാ 1991 ആഗസ്റ്റ് 2 ന് ജനിച്ചു. ഇപ്പോൾ പാലാ സെന്റ് തോമസ് കോളേജിൽ എം.എസ്.സി. മാത്സിന് പഠിക്കുന്നു.

**3. മേരി**

മേരി 22.04.1957 ൽ ജനിച്ചു. 10.07.1983 ൽ ബാംഗ്ലൂർ കമ്മനഹള്ളി ഇടവക ജോസഫ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

**4. വത്സമ്മ (ത്രേസ്യാമ്മ)**

വത്സമ്മ എന്നു വിളിക്കുന്ന ത്രേസ്യാമ്മ 10.05.1960 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1980 ഫെബ്രുവരി 17 ന് കൊല്ലപ്പള്ളി ഐങ്കൊമ്പ് ഇടവക പൂതക്കുഴിയിൽ തോമസ്-

ത്രേസ്യാ മകൻ മാമച്ചൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും ഒരുപെണ്ണും മക്കളായുണ്ട്. മാമച്ചൻ കെ.റ്റി.ഡി.സി.യിൽ നിന്നും റിട്ടയർ ചെയ്ത് കുടുംബസമേതം മലമ്പുഴയിൽ താമസിക്കുന്നു.

### 5. കുഞ്ഞുമോൾ (സിസിലി)

കുഞ്ഞുമോൾ എന്നു വിളിക്കുന്ന സിസിലി 31.03.1964 ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം 31.08.1984 ൽ കുറവിലങ്ങാട് ഇടവക ചാമക്കാലായിൽ ദേവസ്യാ-മറിയാമ്മ മകൻ ടോമി വിവാഹം ചെയ്തു. ടോമി രാഷ്ട്രദീപികയിൽ ഉദ്യോഗസ്ഥനാണ്. ഈ ദമ്പതികൾക്ക് മൂന്ന് ആൺ മക്കളാണുള്ളത്. ഇവരിൽ മൂത്തപുത്രനായ ബ്രദർ ശരത് ചാമക്കാല വൈദീക വിദ്യാർത്ഥിയാണ്.

### 6. കുട്ടപ്പൻ (സെബാസ്റ്റ്യൻ)

കുട്ടപ്പൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ 16.07.1966 ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം 1990 ജനുവരി 8 ന് കുറുപ്പന്തറ ഇടവക പാറപ്പുറം സെബാസ്റ്റ്യൻ-സെലിൻ ദമ്പതികളുടെ മകൾ നിഷയെ വിവാഹം ചെയ്തു. ഇപ്പോൾ കൃഷികാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു. ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്.

1.തോമസുകുട്ടി (ടോംസ് )- തോമസുകുട്ടി എന്നു വിളിക്കുന്ന ടോംസ് 1992 ജൂലൈ 1 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് ബിരുദം കരസ്ഥമാക്കി. ഇപ്പോൾ ഫെഡറൽ ബാങ്ക് അത്തിക്കയം ശാഖയിൽ ജോലി ചെയ്യുന്നു.

### 7. ജെസിമോൾ (ഏലീശ്വാ)

ജെസിമോൾ എന്നു വിളിക്കുന്ന ഏലീശ്വാ 18.03.1970 ൽ ജനിച്ചു. ജെസിമോളെ 1990 ജൂൺ 28 ന് കളത്തൂർ ഇടവക പറത്താനത്ത് തോമസ്-അന്നമ്മ മകൻ മത്തച്ചൻ എന്നു വിളിക്കുന്ന മാത്യു വിവാഹം ചെയ്തു. ജെസിമോൾ ചെന്നൈ സെന്റ് തോമസ് മൗണ്ട് പാരീഷ് സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളാണുള്ളത്.

മാത്തച്ചൻ ചെന്നൈയിൽ H.I.E.T (Hindusthan Institute of Engineering Technology) യിൽ ആട്ടോ മൊബൈൽ എൻജിനീയറായി ജോലി ചെയ്യുന്നു.